(സി) ഈ ആവശ്യത്തിന് കേന്ദ്രത്തിൽ നിന്ന് ഏതൊക്കെ കാലയളവിൽ എത്രയൊക്കെ തുക ലഭിച്ചെന്ന് വെളിപ്പെടുത്തുമോ ;

(ഡി) ഈ തുക വിനിയോഗിച്ചതിന്റെ സർട്ടിഫിക്കറ്റ് കേന്ദ്രത്തിന് യഥാസമയം നൽകാത്തതുമൂലമാണ് റെക്കറിംഗ് ഗ്രാന്റ് കിട്ടാതിരിക്കുന്നത് എന്ന വസ്തുത ശരിയാണോ ;

(ഇ) ന്യൂനപക്ഷത്തിന് അർഹതപ്പെട്ട ഗ്രാന്റ് നഷ്ടപ്പെടുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) പരിശോധിച്ച അപേക്ഷകൾ കേന്ദ്രത്തിലേയ്ക്ക് അയക്കുവാൻ പോവുകയാണ്.

(ബി) ഉദിക്കുന്നില്ല.

(സി) 1996 ൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ ലഭിച്ച 12,76,800 രൂപ (പന്ത്രണ്ട് ലക്ഷത്തി എഴുപത്താറായിരത്തി എണ്ണൂറ്) 20-11-99-ലെ സർക്കാർ ഉത്തരവ് ജി. ഒ. (ആർ. റ്റി.) 5139/99/പൊ.വിദ്യ. പ്രകാരം അർഹതപ്പെട്ട മദ്രസകൾക്ക് വിതരണം ചെയ്യുവാൻ അനുമതി നൽകിയിട്ടുണ്ട്.

(ഡി & ഇ) ഈ തുക വിനിയോഗിച്ചതിന്റെ സർട്ടിഫിക്കറ്റു സഹിതം റെക്കറിംഗ് ഗ്രാന്റിനുള്ള പ്രൊപ്പോസൽ തയ്യാറാക്കുവാൻ ഡി. പി. ഐ. ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിലെ അക്കൗണ്ട്സ് ഓഫീസറുടെ നിയമനങ്ങൾ

62 (2937) ശ്രീ. ബേബി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മൂന്ന് പൊതുവിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറാഫീസുകളിൽ, സാധാരണ നടപടി ക്രമങ്ങൾ ലംഘിച്ചുകൊണ്ട് വകുപ്പിന് പുറത്തു നിന്ന് അക്കൗണ്ട്സ് ഓഫീസർമാരെ നിയമിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് അപ്രകാരം നിയമനം നടത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത മൂന്ന് അക്കൗണ്ട്സ് ഓഫീസർമാരുടെ തസ്തികകളും വിദ്യാഭ്യാസവകുപ്പിലെ മിനിസ്റ്റീരിയൽ ജീവനക്കാരുടെ പ്രമോഷൻ തസ്തികകളായി പുനഃസ്ഥാപിച്ചുകൊണ്ട് എത്രയും പെട്ടെന്ന് ഉത്തരവ് ഉണ്ടാകുമോ ?

ഉത്തരം

(എ) നിലവിലുള്ള നടപടി ക്രമം വിട്ട് ആരെയും നിയമിച്ചിട്ടില്ല.

(ബി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിൽ തുടർന്നു വരുന്ന സമ്പ്രദായത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെന്നു കരുതുന്നില്ല.

### ഉപജില്ലാ വിദ്യാഭ്യാസ ഓഫീസിലെ തസ്തികകൾ

63 (2938) ശ്രീ. ബേബി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവസാനമായി അനുവദിച്ച ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് ഏത് വിദ്യാഭ്യാസ ജില്ലയിലാണെന്നും ഏത് നിയമസഭാ നിയോജക മണ്ഡലത്തിലാണെന്നും വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഓഫീസിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ തസ്തികയും, സീനിയർ സൂപ്രണ്ടിന്റെ തസ്തികയും, ക്ലാർക്കുമാരുടെ തസ്തികകളും, ടൈപ്പിസ്റ്റിന്റെയും, ശിപായിയുടെയും തസ്തികകളും അനുവദിക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ കാരണം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത തസ്തികകൾ ഇതുവരെ അനുവദിച്ചിട്ടില്ലെങ്കിൽ ഈ സാമ്പത്തിക വർഷം തീരുന്നതിനു മുമ്പ് തന്നെ അവ അനുവദിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമോയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് അവസാനമായി രൂപീകരിച്ച കുഴൽമന്ദം ഉപജില്ലാ വിദ്യാഭ്യാസ ഓഫീസ് പാലക്കാട് വിദ്യാഭ്യാസ ജില്ലയിലാണ്. നിയോജകമണ്ഡലം കുഴൽമന്ദം.

(ബി & സി) ഒരു ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെയും, 5 ക്ലാർക്കുമാരുടെയും തസ്തികകൾ 1-11-1998-ൽ ഓഫീസ് രൂപീകരിക്കുമ്പോൾ തന്നെ പുനർവിന്യാസം വഴി കണ്ടെത്തണമെന്ന് നിർദ്ദേശിച്ചിരുന്നു. ഒരു ശിപായിയെ വർക്കിംഗ് അറേഞ്ചുമെന്റിൽ നിയമിച്ചിട്ടുണ്ട്. സീനിയർ സൂപ്രണ്ടിന്റെയും, ടൈപ്പിസ്റ്റിന്റെയും ശിപായിയുടെയും തസ്തികകൾ സാമ്പത്തിക ബുദ്ധിമുട്ടുകാരണം അനുവദിച്ചിട്ടില്ല. പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാർ നിരോധിച്ചിരിക്കുന്നതിനാൽ ടി തസ്തികകൾ ഉടനെ അനുവദിക്കുവാൻ നിർവാഹമില്ല.

### എസ്. എസ്. എൽ. സി. പരീക്ഷയുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് "ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം"

64 (2939) ശ്രീ. കെ. എം. മാണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എസ്. എസ്. എൽ. സി. പരീക്ഷയുടെ വിജയശതമാനം വർദ്ധിപ്പിക്കുന്നതിന് "ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിന്" രൂപം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly